LIBRARY ARCHIVES Kerala Legislative Assembly

COCHIN LEGISLATIVE COUNCIL

OFFICIAL REPORT OF THE BUDGET SESSION OF 1122

Tuesday, the *5th August 1947.*
20th Karkadagam 1122.

The Council met in the Council Hall, Ernakulam, at half-past Eleven of the Clock with the Hon'ble President (Mr. L. M. Pylee, M.A., B.L.,) in the Chair.

Messrs. K. Kochukuttan, S. P. Luiz, K. Natarajan Chettiyar, P. Mani, M. Sivarama Menon, P. E. Warne, Rao Bahadur T. S. Narayana Ayyar and Mrs. Dakshayani Velayudhan were absent.

I. QUESTIONS AND ANSWERS

MR. THALLIATH JOSEPH—VISIT OF

168. Mr. P. Kumaran Ezhuthassan *(Vadakkancheri):* Will Government be pleased to state.—

(*a*) was not one Mr. Thalliath Joseph of Irinjalakkuda called to the Minister's (Mr. Panampilli Govinda Menon) residence at Trichur in the first or second week of Edavam 1122;

(*b*) is he the owner of an oil mill and also a transport contractor under the Food Department;

(*c*) what was the object of the call?

Mr. P. Govinda Menon *(Minister for Food and Education):*

(*a*) No.

(*b*) Yes. He is understood to be a partner of the Paddy Transport Union to which the transport of Government paddy in the Mukundapuram Taluk for 1122 is entrusted.

(*c*) Does not arise.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Who are the persons forming the Transport Union in answer to (*b*)?

Mr. P. Govinda Menon *(Minister for Food and Education):* Sir, I want notice to say who the other persons are.

PURCHASE OF CARS—PERMITS FOR

169. മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ഗവൺമെണ്ട സദയം മറുപടി പറയുമോ.—

(എ) പുതിയ കാറുകൾ വാങ്ങുന്നതിന് ഫ്രീ ഫ്രീ ൽ ആക്കെല്ലാമാണ പെർമിറ കൊടുത്തിട്ടുള്ളത്;

(ബി) ഇതിൽ സക്കാർ ഉദ്യോഗസ്ഥന്മാക്ക് എത്ര പേക്ക കൊടുത്തിട്ടുണ്ട്;

(സി) പെർമിറ കൊടുക്കപ്പെട്ടവരിൽ ഏതെങ്കിലും കാർ ഉടനടി കൈമാറാം ചെയ്തായൊ വിറ്റകളഞ്ഞതായൊ ഗവർമ്മെണ്ടിന വിവരമുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ:

(എ) ഇതൊന്നിച്ചുള്ള ലിസ്റ്റ് നോക്കുക. (Please see Appendix I).

(ബി) ഫ്രീ.

(സി) ഉവ്വ്.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: C. എന്ന ആൻസറിൽ ഉവ്വ് എന്നുപറഞ്ഞിട്ടുണ്ട്. ഏതൊരുബന്ധിച്ചാണത്?

റാവുബഹദൂർ ടി. കെ. നായർ: കൺസർവേറ്റർ ആഫ് ഫാറസ്റ്റ്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: പെർമിറ് കൊടുത്തവരിൽ, ഏതെങ്കിലും കാർ കൈമാറം ചെയ്തതായി അറിയാമൊ?

റാവുബഹദൂർ ടി. കെ. നായർ: കൺസർവേറ്റർ അങ്ങിനെചെയ്യ എന്നാണ് അറിയുന്നത്.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: അതിനു് അദ്ദേഹത്തിൽനിന്നു് കിട്ടിയ സമാധാനം എന്തായിരുന്നു?

റാവുബഹദൂർ ടി. കെ. നായർ: അദ്ദേഹത്തോട് സമാധാനം ചോദിക്കുകയുണ്ടായില്ല.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: അതിനെ സംബന്ധിച്ചു് കമ്പിനിക്കാക്കു് വല്ല ആക്ഷേപവുമുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: ഇല്ല.

മിസ്റ്റർ പി. കെ. ഡീവർ: കാർവാങ്ങി എത്രദിവസം കഴിഞ്ഞതിനുശേഷമാണു് വിറ്റതു് എന്നുപറയാമോ?

റാവുബഹദൂർ ടി. കെ. നായർ: ദിവസം ശരിയായി പറയാൻ സാദ്ധ്യമല്ല. രണ്ടോ, മൂന്നോ മാസം കഴിഞ്ഞിട്ടായിരിയ്ക്കും.

മിസ്റ്റർ ജോസ്സു്. കെ. വട്ടീസ്സു്: കച്ചവട ഉദ്ദേശത്തോടുകൂടിയാണോ കാർ വാങ്ങിക്കുന്നതു്?

റാവുബഹദൂർ ടി. കെ. നായർ: അല്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഗവമ്മേണ്ടുവക കാർവാങ്ങുന്നതിനു് പെർമിറ്റ് കൊടുക്കുന്നതു് ആരുടെപേരിൽ ആരാണു്?

റാവുബഹദൂർ ടി. കെ. നായർ: ചീഫ് എഞ്ചിനിയരുടെ പേരിലാണു്. എക്സിക്യൂട്ടീവു് എഞ്ചിനീയരുടെ പേരിലും കൊടുത്തിട്ടുണ്ടാകും.

Mr. P. Kumaran Ezhuthassan *(Vadakkancheri)* : May I know; whether all the cars purchased by the Chief Engineer and the Executive Engineer were for Palace use?

Rao Bahadur T. K. Nayar (*Minister for Public Health*): For State purposes.

Mr. P. Kumaran Ezhuthassan *(Vadakkancheri)* : Who are the persons sir, who are now using these 19 cars?

Rao Bahadur T. K. Nayar *(Minister for Public Health)*:: I want notice.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: എന്തു് അടിസ്ഥാനത്തിന്മേലാണു് ആളുകൾക്കു കാർ കൊടുക്കാവുള്ളതു്?

റാവുബഹദൂർ ടി. കെ. നായർ: അവരുടെ ആവശ്യം നോക്കീട്ടാണു് കൊടുക്കാവുള്ളതു്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: കാർചോദിച്ചിട്ടു് ആക്കെങ്കിലും കൊടുക്കാതിരുന്നിട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: ലിസ്റ്റിലുള്ളവക്കൊക്കെ കൊടുത്തിട്ടുണ്ടു്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: സി. എ. ജോൺ എന്നൊരാൾക്കു കാർ കൊടുത്തതായി ഈ ലിസ്റ്റിൽ കാണുന്നുണ്ടു്. അങ്ങിനെ ഒരാൾക്കുകൊടുത്തിട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: പെർമിറ്റ് ഇഷ്യുചെയ്തിട്ടുണ്ടാകുമെന്നാണു് തോന്നുന്നതു്.

മിസ്റ്റർ പി. കെ. ഡീവർ: ഒരു സക്കാരുദ്യോഗസ്ഥൻ, സ്വന്തം ആവശ്യത്തിനാണെന്നു പറഞ്ഞു് കാർവാങ്ങി വേറൊരാൾക്കു വലിയവിലക്കു വിറ്റതിനെ സംബന്ധിച്ചു് ഗവമ്മെണ്ടു് വല്ല നടപടിയും നടത്തീട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: ഒരു നടപടിയും അതിനു് നടത്താൻ നിവർത്തിയില്ലായിരുന്നു. അങ്ങിനെയാണു് നിയമം നിന്നിരുന്നതു്. അന്നു ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ ഇതു് പെട്ടിട്ടുണ്ടായിരുന്നില്ല. ഇങ്ങിനെ ഒരുകാര്യം വന്നപ്പോഴാണു് ഈ സംഗതി ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽപെട്ടതു്. മേലാൽ സ്വന്ത ആവശ്യത്തിനു് ഉള്ളകാറിനു് പെർമിറ്റ് വാങ്ങി കാർവാങ്ങിയാൽപിന്നെ, കാർകിട്ടുന്ന ആളുകൾ ഗവമ്മെണ്ടിന്റെ അനുവാദംകൂടാതെ വില്ലാൻ പാടില്ലായെന്നു് ഒരു ഓർഡർ പാസാക്കീട്ടുണ്ടു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: നിയമമുണ്ടായിരുന്നില്ലായെന്നുള്ളതു് ശരിയായിരിക്കാം. എന്നാൽ ഒരു സക്കാരുദ്യോഗസ്ഥൻ, ഇങ്ങിനെ ചെയ്യുകയാണെങ്കിൽ അദ്ദേഹത്തി

LIBRARY ARCHIVES Kerala Legislative Assembly

ന്നുണ്ടായിരിക്കേണ്ട സ്വഭാവശുദ്ധിയേയും, കൃത്യബോധത്തെയുംവച്ച് സർക്കാർ സർവ്വീസ് രൂപം അനുസരിച്ച്, അദ്ദേഹത്തിനു് ഒരു താക്കീതു് കൊടുക്കാൻ കഴിയുകയില്ലേ, എന്നാണു് ഞാൻ ചോദിക്കുന്നതു്?

റാവുബഹദൂർ ടി. കെ. നായർ: കഴിയും, പക്ഷെ, അതു് ന്യായമല്ലെന്നാണു് തോന്നുന്നതു്.

മിസ്റ്റർ പി. കെ. ഡീവർ: സർക്കാരുദ്യോഗസ്ഥൻ സ്വന്തം ആവശ്യത്തിനെന്നുപറഞ്ഞു ഒരു കാർ വാങ്ങി രണ്ടു മൂന്നു മാസം കഴിയുന്നതിനുമുമ്പു് വേറൊരാൾക്കു ആദായം മോഹിച്ചു വിറ്റാൽ അദ്ദേഹത്തിന്റെ സ്വഭാവശുദ്ധിയെ ചോദ്യംചെയ്യേണ്ട ആവശ്യമില്ലെന്നാണോ ഗവൺമെണ്ടു് പറയുന്നതു്?

Mr. President: That question has already been answered.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഒരാൾ അങ്ങിനെ ചെയ്തിട്ടുണ്ടെന്നു പറഞ്ഞു. ഇനി വേറെ ആരെങ്കിലുമുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: ആരുമില്ല.

മിസ്റ്റർ എ. ഈച്ചരമേനോൻ: ഗവൺമെണ്ടു് ഉദ്യോഗസ്ഥന്മാർ കാർ വാങ്ങിയാൽ ആവശ്യത്തിനുള്ള പെട്രോൾ കിട്ടാതെവന്നാൽ കാറു് വില്ക്കാതെ വല്ല നിവൃത്തിയുമുണ്ടോ?

Mr. President: That is a hypothetical question.

Mr. Shabdai S. Koder *(Nominated)*: In granting permits will the Government be pleased to give preference to the members of the Legislative Council?

Rao Bahadur T. K. Nayar *(Minister for Public Health)*: May not be possible.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: ഗവൺമെണ്ടുദ്യോഗസ്ഥൻ പെർമിറ്റുപ്രകാരം കാർവാങ്ങി കൂടുതൽ വിലക്കു് കരിഞ്ചന്തയിൽ വിറ്റാൽ അതു് curruption ആകയില്ലേ?

റാവുബഹദൂർ ടി. കെ. നായർ: അതു് നിയമസംബന്ധമായ കാര്യമാണു്. അഡ്വൊക്കേറ്റു് ജനറാളിനോടു് ആലോചിച്ചു പറയേണ്ട കാര്യമാണു്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഒരു ഉദ്യോഗസ്ഥനു് ഒരു കാറു കൊടുത്തുകഴിഞ്ഞാൽ പിന്നെ അതു് മാറ്റേണ്ട ആവശ്യമുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: വലിയകാറു കിട്ടാനുള്ള ബുദ്ധിമുട്ടുകൊണ്ടു് ഒരു ഉദ്യോഗസ്ഥനു് പെട്ടെന്നു് വന്ന ആവശ്യത്തിനു് ഒരു ചെറിയകാർ കൊടുത്തിട്ടുണ്ടാകും. എന്നാൽ, വലിയകാർ കിട്ടാനുള്ള സൌകര്യം വന്നപ്പോൾ അദ്ദേഹത്തിന്റെ ആവശ്യമനുസരിച്ചു്, വലിയ കാർ കൊടുത്തിട്ടുണ്ടാകും.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഗവൺമെണ്ടു് ആവശ്യത്തിലേയ്ക്കുള്ള കാറുകൾ എല്ലാം വാങ്ങിക്കഴിഞ്ഞോ? വാങ്ങിയെങ്കിൽ എന്നാണു് വാങ്ങിയതു്?

റാവുബഹദൂർ ടി. കെ. നായർ: എല്ലാം വാങ്ങീട്ടുണ്ടാകണം, ഓരോ മാസത്തിലും ഒന്നും രണ്ടും വീതം വാങ്ങിയിട്ടുണ്ടാകണം. വാങ്ങിയ തിയ്യതി കൃത്യമായി പറയാൻ സാദ്ധ്യമല്ല.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: കാർവാങ്ങി വിറ്റ ഉദ്യോഗസ്ഥന്മാരിൽ ആരെങ്കിലും, രണ്ടാമതു് കാറവേണമെന്നു് പറഞ്ഞു് അപ്ലിക്കേഷൻ അയച്ചിട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: ഗവൺമെണ്ടിൽനിന്നു പർമിറ്റുകൊടുത്തുവാങ്ങിയ കാർ വിറ്റ ഉദ്യോഗസ്ഥൻ ഒരാളെ ഉള്ളു. ആ ആൾ പിന്നെ കാർവേണമെന്നു പറഞ്ഞു അപേക്ഷിച്ചിട്ടില്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഗവൺമെണ്ടിൽനിന്നു വാങ്ങിയ ഫ്രൻ കാറുകളിൽ ഏ എണ്ണം നമ്മുടെ മന്ത്രിമാരാണോ ഉപയോഗിക്കുന്നതു്?

റാവുബഹദൂർ ടി. കെ. നായർ: അതെ.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: കഴിഞ്ഞകന്നിമാസത്തിൽ അവർ ഉപയോഗിച്ചിരുന്ന കാറുകളാണോ; ഇപ്പോൾ ഉപയോഗിക്കുന്നതു്, അതോ, ഇതിൽനിന്നു എടുത്ത കാറുകളാണോ?

റാവുബഹദൂർ ടി. കെ. നായർ: ആദ്യം ഉപയോഗിച്ചിരുന്നതും, ഇപ്പോൾ ഉപയോഗിക്കുന്നതും എല്ലാം ഇതിൽപെട്ടതുതന്നെയാണു്.

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. I. Velayudhan]

ണം ഗ്രണം സിദ്ധിക്കുവാൻ പോകുന്നതു് എന്നു്. വാസ്തവത്തിൽ ജന്മിമെമ്പർ അനുകൂലിച്ചു കൊണ്ടായിരുന്നു പ്രസംഗിച്ചിരുന്നതു എങ്കിൽ തീർച്ചയായും ഈ ബില്ലിലെ ഉള്ളടക്കം നോക്കാതെതന്നെ എതിർക്കുമായിരുന്നു. അങ്ങിനെയുള്ള ഒരു പാരമ്പര്യമാണു് നമ്മുടെ ജന്മിമെമ്പർ ഈ കൌൺസിലിനകത്തും, ബാക്കിയുള്ള ജന്മിമാർ കൌൺസിലിനു പുറത്തും സൃഷ്ടിച്ചിട്ടുള്ളതു്. സാധാരണയായി ലോകത്തിൽ സാധുക്കളായ തൊഴിലാളികളും, കൃഷിക്കാരും ഒരുഭാഗം. മുതലാളികളും, ജന്മികളും ദൈവത്തിന്റെ പേരുംപറഞ്ഞു പുരോഹിതന്മാരും ഇങ്ങിനെ രണ്ടു വിഭാഗങ്ങളാണു് ഉള്ളതു്. ആദ്യം പറഞ്ഞവർ കഷ്ടത അനുഭവിക്കുന്നവരും ഏറ്റവും വലിയ ത്യാഗികളുമാണു്. മറ്റവരുടെ കാര്യം പറയുകയാണെങ്കിൽ, ലോകചരിത്രംതന്നെ പരിശോധിച്ചു നോക്കുന്നതായാൽ നമുക്കു മനസ്സിലാക്കുവാൻ സാധിക്കും, ഈശ്വരന്റെ പേർ പറഞ്ഞുകൊണ്ടു് പുരോഹിതന്മാർ ഏറ്റവും വലിയ കലാപവും, യുദ്ധവും മറ്റും നടത്തീട്ടുള്ളവരാണു് എന്നു്. ജന്മികളും മുതലാളിമാരും സൃഷ്ടിച്ചിട്ടുള്ള മർദ്ദിതനയത്തെപ്പറ്റി പറയേണ്ട ആവശ്യമില്ല. ബഹുമാനപ്പെട്ട ജന്മിമെമ്പറുടെ പ്രസംഗം കേട്ടപ്പോൾ ഇങ്ങിനെയുള്ള സകല താല്പര്യക്കാരുടേയും ആവശ്യങ്ങളെ പ്രതിനിധീകരിച്ചുകൊണ്ടാണൊ അതു വലിയ നെടുനീളൻ പ്രസംഗം ചെയ്തതെന്നു എനിക്കു തോന്നിപ്പോയി. ഈ കാരണംകൊണ്ടുതന്നെയാണു്, ഈ ബില്ലിനെഏറ്റവും ശക്തിയായിഞാൻ അനുകൂലിക്കുന്നതു്. സമതാസുന്ദരവും സുരഭിലസുന്ദരവുംപരിപാവനവുമായ, സാമൂഹ്യവും സാംസ്കാരികവും രാഷ്ട്രീയവുമായ ഒരന്തരീക്ഷം സൃഷ്ടിക്കലാണു് സോഷ്യലിസ്റ്റു് പാർട്ടിയുടെ ഉദ്ദേശംതന്നെ. ഏതാമാസം മുമ്പുവരേയും, ഈ മന്ത്രിസഭ ഭരണം കയ്യേല്ക്കുന്നതിനു പിമ്പു് ഇന്നുവരേയും ഈ കൌൺസിലിനകത്തു് നടന്നിട്ടുള്ള വാദപ്രതിവാദങ്ങളും നോക്കുകയാണെങ്കിൽ, മുഖ്യമുള്ള എല്ലാവർക്കും മനസ്സിലാക്കുവാൻ സാധിക്കും, ഏറ്റവും പുരോഗമനമായ വിധത്തിലുള്ള ഒരു ബില്ലാണു് ഇന്നു ഇവിടെ കൊണ്ടുവന്നിട്ടുള്ളതു് എന്നു്. പ്രതിപക്ഷത്തുനിന്നു് ഇതിനു എത്രതന്നെ എതിർപ്പുണ്ടായാലുംശരി എന്തെല്ലാം പ്രകടനങ്ങളും നടത്തിയാലുംശരി, എത്രതന്നെ ത്യാഗംചെയ്തുകൊണ്ടുംകഷ്ടത അനുഭവിച്ചും ഇതു പാസ്സാക്കാനുള്ള ശക്തി ഞങ്ങൾക്കുണ്ടെന്നു് ഈ ബില്ലിന്റെ അവസാനത്തിൽ ഞങ്ങൾ പ്രത്യക്ഷപ്പെടുത്തുന്നതാകുന്നു. ആ ഭാഗത്തുകാർ ഇതിനെ സംബന്ധിച്ചു് എതിർത്തപ്പോൾ അത്ഥശൂന്യമായ, യാതൊരു തരത്തിലും ഗൌരവമില്ലാത്തതായ അനാവശ്യതർക്കങ്ങളായിരുന്ന മുന്നോട്ടു ഉന്നയിച്ചുകൊണ്ടിരുന്നതു്.

Mr. President: Order, Order. The House stands adjourned.

The House adjourned at 5 p.m.

P. NARAYANA SWAMI

Secretary

APPENDIX I

(Please see Answer to question No. 169)

List of Gentlemen to whom permits have been issued in 1122 to purchase new cars

1. Chief Engineer for State use for 10 cars.
2. Executive Engineer, Machanical and Electrical Division for State use for 9 cars.
3. Dr. A. K. Menon, Civil Surgeon, Trichur.
4. Mr. A. G. Milne, Administrative Officer, Cochin Habour.
5. H. H. Ravi Varma Thampuran, 55th Prince, Ernakulam.
6. Mr. P. Nilakanta Menon, Retired Chief Justice.
7. Mr. K. T. Koshi, Puisne Judge, Ernakulam.
8. Mr. N. O. Inasu, Engineering Contractor, Trichur.

LIBRARY ARCHIVES Kerala Legislative Assembly

9. H. H. Ravi Varma Thampuran, Income-tax Officer.
10. Mr. B. M. Mulloth, Registrar of Co-operative Societies.
11. Major C. R. Mannadiar, A. D. C. to H. H. the Maharaja.
12. Mr. M. Kumarankutty Menon, Executive Engineer, Mechanical and Electrical Division
13. Mr. M. M. Paul, Director of Food Supplies.
14. Mr. T. Sudhakara Menon, State Geologist.
15. Prior, Sacred Heart Convent, Thevara.
16. Dr. V. C. Kumaran, Trichur.
17. H. H. Rama Varma, Prince of Cochin, Ravi Vihar, Ernakulam.
18. Mr. Thandaseri Raman, Peringottukara.
19. Mr. C. I. John, Cochin Oil Mills, Kottappuram, Cranganur.
20. K. Madhava Menon, Secretary New India Assurance Co. Ltd. Ernakulam.
21. Mr. P. V. Raphael, General Manager, South Indian Bank Ltd., Trichur.
22. Mr. K. S. Krishnaswamy Iyengar, Chief Justice, Ernakulam.
23. S. Venkiteswaran, Conservator of Forests.
24. Mr. Mohammed Kassam Abdul Sathar Sait, Ernakulam.
25. H. H. Ravi Varma, 11th Prince, Tripunittura.
26. Mr. V. O. Abraham, Manager, Cochin State Motors Ltd , Ernakulam.
27. Dr. E. Thomas, Dental Surgeon, General Hospital, Ernakulam.
28. Dr. A. K. Kunhalu, Ernakulam.
29. Dr. E. S. R. Menon, Director of Public Health.
30. H. H. Kerala Varma, 38th Prince, Ernakulam.
31. Mr. I. I. Iyyappan, Rice and Oil Mills, Trichur.
32. Mr. P. V. Jacob, B.A., B.L., Ernakulam.
33. Mr. K. J. Francis, Mission Quarters, Trichur.
34. Paliam Estate for Valiachan's personal use.
35. Mr. P. S. Sivaramakrishna Ayyar, Pioneer Motor Service, Trichur.
36. Mr. A. G. Krishna Shenoi, Ernakulam.

LIBRARY ARCHIVES Kerala Legislative Assembly